**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1336** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഡിജിറ്റൽ സർവേ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. യു. ജനീഷ് കുമാർ ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കോന്നി നിയോജകമണ്ഡലത്തിൽ ഏതൊക്കെ വില്ലേജുകളിലാണ് ഡിജിറ്റൽ സർവേ ആരംഭിച്ചത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം, കോന്നിത്താഴം, പ്രമാടം, വള്ളിക്കോട്, മൈലപ്ര, തണ്ണിത്തോട്, ചിറ്റാർ, സീതത്തോട്, കലഞ്ഞൂർ, കൂടൽ, കോന്നി എന്നീ 11 വില്ലേജുകളിലാണ് ഡിജിറൽ സർവെ നടപടികൾ ആരംഭിചിട്ടുള്ളത്.

**(ബി)** പ്രസ്തുത ഡിജിറ്റൽ സർവേയുടെ പുരോഗതി വിശദമാക്കാമോ;

**<u>മറുപടി:</u>** കോന്നി നിയോജകമണ്ഡലത്തിലെ പ്രസ്തുത 11 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ഇതിൽ കോന്നിത്താഴം, മൈലപ്ര, പ്രമാടം, വള്ളിക്കോട് എന്നീ 4 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിച്ച് സർവെ നിയമത്തിലെ സെക്ഷൻ 13 പ്രകാരമുള്ള അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും പ്രസ്തുത വില്ലേജുകളിലെ ഭൂരേഖകൾ കൈമാറുകയും ചെയ്തിട്ടുണ്ട്.

തണ്ണിത്തോട് വില്ലേജിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് തുടർനടപടികൾ പുരോഗമിക്കുന്നു.

അരുവാപ്പുലം (86.2%), കലഞ്ഞൂർ (81.2%), സീതത്തോട് (71.4%), ചിറ്റാർ (40.4%) എന്നീ 4 വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപടികൾ പുരോഗമിച്ചുവരുന്നു. ഡിജിറ്റൽ സർവെയിലൂടെ തയ്യാറാക്കുന്ന ഭൂരേഖകളുടെ പരിശോധന, ആവശ്യമായ തിരുത്തലുകൾ, തുടർ പ്രസിദ്ധീകരണ നടപടികൾ എന്നിവ നിലവിലെ നിയമവ്യവസ്ഥകളും നിലവിലുള്ള മാർഗനിർദേശങ്ങളും പ്രകാരം നിർവഹിച്ചുവരുന്നു. കൂടൽ, കോന്നി എന്നീ വില്ലേജുകളിൽ ഡിജിറ്റൽ സർവെ പ്രാഥമികജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

**(സി)** ഡിജിറ്റൽ സർവേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് ഡിജിറ്റൽ സർവെ നടപടികൾ ഘട്ടംഘട്ടമായി പുരോഗമിച്ചുവരികയാണ്.

നിലവിലുള്ള ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, ശേഷിക്കുന്ന വില്ലേജുകളിലെ സർവെ നടപടികൾ സമയ ബന്ധിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുമായി "ഡിജിറ്റൽ സർവെ 2.0" പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ആവശ്യമായ സാങ്കേതികവിദ്യ, സർവെ ഉപകരണങ്ങൾ, മാനവവിഭവശേഷി എന്നിവ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതാണ്.

ഓരോ വില്ലേജിലെയും സർവെ പുരോഗതി, തുടർ പരിശോധനകൾ, നിയമാനുസൃത പ്രസിദ്ധീകരണ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഡിജിറ്റൽ സർവെ പൂർത്തീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**